# ഭാരതീയ ജനതാ പാർട്ടി

മാർച്ച് 7,2013

## ബിജെപി വക്താവ് പ്രകാശ് ജാവ്ദേക്കറുടെ പ്രസ്താവന

**സിറ്റിസൺ ചാർട്ടർ ബിൽ 2011**

സിറ്റിസൺ ചാർട്ടർ ബിൽ 2011-ന് അനുമതി നൽകി, അതു സംസ്ഥാനങ്ങൾക്കു ബാധകമാക്കിയ കേന്ദ്ര മന്ത്രിസഭായോഗ തീരുമാനം സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള കടന്നുകയറ്റമാണ്. പത്തിലേറെ സംസ്ഥാനങ്ങൾ ഇതിനകം സിറ്റിസൺ ചാർട്ടർ ആക്ട് അഥവാ പബ്ലിക് സർവീസ് ഗ്യാര 1 ആക്ട് നടപ്പിലാക്കിക്കഴിഞ്ഞു. ജമ്മു-കാഷ്മീർ, ഡൽഹി, ബീഹാർ, മദ്ധ്യപ്രദേശ്, യുപി, രാജസ്ഥാൻ, പഞ്ചാബ്, ഉത്തർ ഖണ്ഡ്, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ സ്വന്തം നിയമം നിലവിലു ്. മറ്റു സംസ്ഥാനങ്ങളിലും ഇതു സംബന്ധിച്ച നിയമ നിർമ്മാണം പുരോഗിക്കുന്നു, അവ കേന്ദ്രം നിർദ്ദേശിക്കുന്ന നിയമത്തേക്കാൾ ശക്തവുമാണ്.

ഭരണഘടനയിലെ ര ാം പട്ടികയിൽ ഇനം 41 പൊതു സംസ്ഥാന സേവനം സംബന്ധിച്ചുള്ള അധികരത്തെക്കുറിച്ചാണ്. അതിനാൽ മൂന്നാം പട്ടികയിലെ എട്ടം ഇന പ്രകാരം കേന്ദ്രത്തിന്റെ ഈ പുതിയ നിയമം അടിച്ചേൽപ്പിക്കുന്നതു ഭരണഘടനയുടെ അന്തസ്സത്തക്ക് എതിരാണ്.

കേന്ദ്ര സർക്കാരിന് കേന്ദ്ര സർവീസുകളിൽ ഈ നിയമം നടപ്പാക്കാനാകും, പരമാവധി ഈ മാതൃക സ്വീകരിക്കണമെന്നു നിശ്ചയിക്കാം, അത്രമാത്രം പറ്റൂ.

**ദേശീയ ജനസംഖ്യാ രേഖ**

ദേശീയ ജനസംഖ്യാ രേഖ (എൻപിആർ) ഇഴഞ്ഞാണു നീങ്ങുന്നതെന്ന് ഒടുവിൽ സർക്കാർ സമ്മതിച്ചു. അതിനു കാരണം പറയുന്നത് ആധാർ രേഖകൾ കിട്ടുന്നതിലെ പോരായ്മയാണ്. പാർലമെന്റിൽ ചോദ്യം നമ്പർ 995-ന് 2013 ഫെബ്രുവരി ആറിന് സർക്കാർ പറഞ്ഞത് രാജ്യത്തെമ്പാടും എൻപിആർ രേഖ ശേഖരിക്കുന്നതിന്റെ കടലാസു പണികൾ 2010-ലെ ഹൗസിംഗ് സെനസസ് ഉൾപ്പെടെ പൂർത്തിയായെന്നാണ്. എൻപിആറിന്റെ 26 കോടി അപേക്ഷകൾ സ്കാനിംഗ് പണി പൂർത്തിയാക്കിയെന്നും 114 കോടി രേഖകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കഴിഞ്ഞുവെന്നും മറുപടി വിശദീകരിച്ചിരുന്നു. എന്നാൽ ബയോ മെട്രിക് വിവരങ്ങൾ ഇതുവരെ 11 കോടി പേരുടേതു മാത്രമേ ശേഖരിച്ചിട്ടുള്ളു.

ഇതു വ്യക്തമാക്കുന്നത് ഏറ്റവും പ്രധാനമായ ബയോമെട്രിക് വിവരങ്ങളും എൻപിആർ പ്രവർത്തനങ്ങളും മുടങ്ങിക്കിടക്കുന്നുവെന്നാണ്. ആത്യന്തികമായി വിഷയം പൗരത്വ കാർഡാണ്. അതാണ് ദേശ സുരക്ഷാ കാര്യത്തിൽ ഏറ്റവും പ്രധാനവും.

എൻപിആറിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി പൗരത്വ രജിസ്റ്റർ തയ്യാറാക്കുന്നതിന് വ്യക്തമായ പദ്ധതി സർക്കാർ കൊ   ുവരണമെന്ന് ബിജെപി ആവശ്യപ്പെടുന്നു.

**(ആർ.കെ.സിൻഹ)**

**സെക്രട്ടറി**

**ബിജെപി പാർലമെന്ററി പാർട്ടി**